**<u>പത്രക്കുറിപ്പ്</u>**

**KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS**
T.C. 14/2036, VanrossJn,University P.O,
Thiruvananthapuram – 34
e-mail : pro.cpcr@gmail.com
Phone : 0471 – 2326603/04/05

02.01.2021

# ബാലസൗഹൃദ കേരളം ലക്ഷ്യമാക്കി ബാലാവകാശ സംരക്ഷണ കമ്മീഷൻ

വീടും വിദ്യാലയവും മറ്റ് സാമൂഹിക ചുറ്റുപാടുകളും കുട്ടികൾക്ക് ഇണങ്ങുന്നതായി മാറ്റുക എന്ന ലക്ഷ്യത്തോടെ അവകാശങ്ങളിൽ അധിഷ്ഠിതമായ ബാലസൗഹൃദ കേരളം സൃഷ്ടിക്കുന്നതിന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ബൃഹത്തായ പരിപാടികളുമായി മുന്നോട്ടുവരുന്നു. ഇതിനായി ആസൂത്രണം ചെയ്ത ബാലസൗഹൃദ കേരളം പദ്ധതിയുടെ പ്രവർത്തന ഉദ്ഘാടനവും 2021 ബാലസൗഹൃദ വർഷമായി ആചരിക്കുന്നതിന്റെ പ്രഖ്യാപനവും നാളെ (04.01.2021) പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ നടത്തും. ആരോഗ്യം-വനിത-ശിശു വികസനവകുപ്പ് മന്ത്രി കെ. കെ. ശൈലജ ടീച്ചർ ഓൺലൈനിൽ ഉദ്ഘാടനം നിർവഹിക്കും.

വീട്, ചുറ്റുപാട്, കളിസ്ഥലം, വാഹനം, വിദ്യാലയം തുടങ്ങിയ ഇടങ്ങളിലെല്ലാം കുട്ടികൾ സുരക്ഷിതരായിരിക്കുവാനും കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും കുറ്റകൃത്യങ്ങളും തടയുവാനും കൂട്ടായ പരിശ്രമങ്ങൾ ഇനിയും നടത്തേണ്ടതുണ്ടെന്ന തിരിച്ചറിവിൽ നിന്നാണ് കമ്മീഷൻ അതിബൃഹത്തായ പരിപാടിയുമായി സമൂഹത്തിലേയ്ക്ക് ഇറങ്ങുന്നത്.

കമ്മീഷന്റെ നേതൃത്വത്തിൽ പഞ്ചായത്ത്-വാർഡുതല ബോധവൽക്കരണവും ബാലസംരക്ഷണ സമിതി(സി.പി.സി)കളുടെ ശാക്തീകരണവും സംഘടിപ്പിക്കും. ഒപ്പം വിദ്യാഭ്യാസം, ആരോഗ്യം മേഖലകളിലുള്ളവർക്കും പോലീസ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകും. പദ്ധതിക്ക് CHASE (CHILD HEALTH AND SAFETY EMPOWERMENT)

എന്നാണ് പേര് നൽകിയിരിക്കുന്നത്. ഇതിൽ നാല് 'E'കളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്- ENGAGE, EXPLAIN, EDUCATE, ENFORCE.

സംസ്ഥാനത്തെ ബാലസൗഹൃദമാക്കുക, ബാലാവകാശങ്ങൾ സംരക്ഷിക്കുക, ലൈംഗികാതിക്രമങ്ങളിൽനിന്ന് കുട്ടികളെ സംരക്ഷിക്കുക, കുട്ടികൾക്കുനേരെയുള്ള പീഡനങ്ങൾ ഇല്ലാതാക്കുക, മദ്യം, മയക്കുമരുന്ന് എന്നിവയിൽനിന്ന് മോചനം നൽകുക, സൈബർ കുറ്റകൃത്യങ്ങളിൽനിന്ന് മോചിപ്പിക്കുക, ബാലവേല, ബാലഭിക്ഷാടനം എന്നിവ തടയുക, ശൈശവവിവാഹം ഇല്ലാതാക്കുക, കുട്ടികളുടെ ആത്മഹത്യകൾ ഇല്ലാതാക്കുക, ലിംഗസമത്വം സൃഷ്ടിക്കുക, ശാസ്ത്രീയാവബോധം വളർത്തുക, ബാലാവകാശ സാക്ഷരത വളർത്തുക എന്നിവയാണ് കമ്മീഷൻ പ്രാഥമികമായി ലക്ഷ്യം വയ്ക്കുന്നത്.

ഒന്നാം ഘട്ടത്തിൽ 14 ജില്ലകളിലെ ഓരോ പഞ്ചായത്ത് വീതം തിരഞ്ഞെടുത്ത് ജനുവരി നാല് മുതൽ ഒരു മാസം ബോധവത്കരണ ശിൽപ്പശലാകൾ നടത്തും. രണ്ടാം ഘട്ടമായി ഓരോ ജില്ലകളിൽനിന്നും 10 പേരെ ഉൾപ്പെടുത്തി രണ്ടു മേഖലകളിലായി കോഴിക്കോട്, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ പരിശീലകർക്കുള്ള പരിശീലനം ഫെബ്രുവരിയിൽ നടത്തും. ഇവരുടെ മേൽനോട്ടത്തിൽ പഞ്ചായത്തുകളിൽ ബാലാവകാശ സാക്ഷരത, ബാലസൗഹൃദ കേരളം എന്നിവ യാഥാർത്ഥ്യമാക്കുന്നതിനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തും. വാർഡ്തലത്തിൽ ബാലസംരക്ഷണ സമിതികൾ ശാക്തീകരിക്കുന്നതിനും ഇവരെ പ്രാപ്തരാക്കും.

മൂന്നാം ഘട്ടമായി മാർച്ച് മാസത്തിൽ ബാലാവകാശ സംരക്ഷണത്തിനും, ബോധവത്കരണത്തിനുമായി ഒരു മാജിക് കലാ-നാടകയാത്ര കേരളത്തിലുടനീളം സംഘടിപ്പിക്കും.

2021 ജൂലൈ മാസത്തിൽ ജില്ലാതലത്തിലും തുടർന്ന് ബ്ലോക്ക് തലത്തിലും വിവിധ പദ്ധതിപ്പങ്കാളികൾക്ക് അതത് ജില്ലകളിൽ ബോധവത്കരണം നടത്തും. തുടർന്ന് എല്ലാ പഞ്ചായത്തുകളിലും ബാലസൗഹൃദ കേരളം പദ്ധതി നടപ്പിലാക്കുന്നതിനുള്ള കർമ്മപദ്ധതികളും ശാക്തീകരണവുമാണ് നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മേഖലകൾ തിരഞ്ഞെടുത്ത് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കാനും ആവശ്യമായ പ്രവർത്തനം നടത്താൻ പ്രത്യേക പദ്ധതിയും നടപ്പിലാക്കും.

# ബാലസൗഹൃദ കേരളം പ്രവർത്തനോദ്ഘാടനം നാളെ

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ആസൂത്രണം ചെയ്തിരിക്കുന്ന ബാലസൗഹൃദ കേരളം പദ്ധതിയുടെ പ്രവർത്തന ഉദ്ഘാടനവും 2021 ബാലസൗഹൃദ വർഷമായി ആചരിക്കുന്നതിന്റെ പ്രഖ്യാപനവും നാളെ (04.01.2021) നടക്കും. രാവിലെ ഒൻപതിന് പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ കഞ്ചിക്കോട് എസ്.കെ.എം ആഡിറ്റോറിയത്തിൽ ആരോഗ്യം-വനിത-ശിശു വികസനവകുപ്പ് മന്ത്രി കെ. കെ. ശൈലജ ടീച്ചർ ഓൺലൈനിൽ ഉദ്ഘാടനം നിർവഹിക്കും. ഭരണപരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷൻ വി.എസ് അച്യുതാനന്ദൻ മുഖ്യസന്ദേശം നൽകും. കമ്മീഷൻ ചെയർമാൻ കെ. വി മനോജ്കുമാർ അദ്ധ്യക്ഷനാകുന്ന ചടങ്ങിൽ ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ മുഖ്യപ്രഭാഷണം നിർവഹിക്കും. പദ്ധതിയുടെ ബ്രാൻഡ് അംബാസഡർ ഗോപിനാഥ് മുതുകാട് വിഷയാവതരണം നടത്തും. കമ്മീഷൻ അംഗങ്ങളായ ഫാ. ഫിലിപ്പ് പരക്കാട്ട്, ബി. ബബിത, പി.പി ശ്യാമളാദേവി, സി. വിജയകുമാർ, റെനി ആന്റണി എന്നിവർ പങ്കെടുക്കും. മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.പി ബിജോയ്, പുതുശ്ശേരി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എൻ. പ്രസീത, വൈസ് പ്രസിഡന്റ് കെ. അജീഷ്, ത്രിതല പഞ്ചായത്ത് അംഗങ്ങളായ യു. പ്രഭാകരൻ, പത്മിനി ടീച്ചർ, സി. ജയകുമാർ, വനിത-ശിശു വികസന ഓഫീസർ പി. മീര, ഡി.സി.പി.ഒ എസ്. ശുഭ തുടങ്ങിയവർ സന്നിഹിതരായിരിക്കും.

പഞ്ചായത്തംഗങ്ങൾ, കുട്ടികളുടെയും സ്ത്രീകളുടെയും രംഗത്തെ സന്നദ്ധ പ്രവർത്തകർ, പോലീസ് സ്റ്റേഷനിലെ ചൈൽഡ് വെൽഫെയർ ഓഫീസർമാർ, സ്കൂളിലെ അധ്യാപക പ്രതിനിധികൾ, എ.ഇ.ഒ, അംഗൻവാടി വർക്കർമാർ, കുടുംബശ്രീ സി.ഡി.എസ്. പ്രവർത്തകർ, പ്രാഥമിക ആരോഗ്യകേന്ദ്രത്തിലെ പ്രതിനിധികൾ, തദ്ദേശ പഞ്ചായത്തിലെ ഉദ്യോഗസ്ഥ പ്രതിനിധികൾ, സ്കൂൾ കൗൺസലർമാർ, പി.റ്റി.എ. പ്രസിഡന്റുമാർ, മെഡിക്കൽ ഓഫീസർമാർ, സി.ഡബ്ല്യു.സി. ചെയർപേഴ്സൺ/മെമ്പർമാർ, ജെ.ജെ.ബി. മെമ്പർമാർ എന്നിവർ സംബന്ധിക്കും. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചായിരിക്കും യോഗം നടത്തുക.

**പബ്ലിക് റിലേഷൻസ് ഓഫീസർ**